# പ്രളയബാധിതർക്കുള്ള ധനസഹായവിതരണത്തിന് സത്വരനടപടി: മന്ത്രി എ സി മൊയ്തീൻ

**കൊച്ചി**

പ്രളയബാധിതർക്കുള്ള സർക്കാരിന്റെ അടിയന്തരധനസഹായം 10,000 രൂപ വിതരണം ചെയ്യുന്നതിന് സത്വരനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി എ സി മൊയ്തീൻ. പ്രളയബാധിതമേഖലകളിലെ ശുചീകരണപ്രവർത്തനങ്ങളടക്കമുള്ള കാര്യങ്ങൾ വിലയിരുത്താനായി ചേർന്ന അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബൂത്ത് ലെവൽ ഓഫീസർമാർ (ബിഎൽഒ) വിവരശേഖരണം ആരംഭിച്ചുകഴിഞ്ഞു. ബിഎൽഒമാർ ഓരോ വീട്ടിലുമെത്തി വിവരം ശേഖരിക്കും. വാർഡ് അംഗമോ വില്ലേജ് ഓഫീസറോ സാക്ഷ്യപ്പെടുത്തിയശേഷമായിരിക്കും അന്തിമപട്ടിക തയ്യാറാക്കുക. ജില്ലയിൽ എഴുന്നൂറിലധികം ബിഎൽഒമാർ വിവരശേഖരണം ആരംഭിച്ചതായി കലക്ടർ കെ മുഹമ്മദ് വൈ സഫീറുള്ള പറഞ്ഞു. സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ ക്യാമ്പുകൾ അടയ്ക്കേണ്ട സ്ഥിതിയാണെന്ന് മന്ത്രി പറഞ്ഞു. വീട് തകർന്ന് വാസയോഗ്യമല്ലാതായവർക്കായി പ്രത്യേക സ്ഥലം കണ്ടെത്തി ക്യാമ്പുകൾ തുറക്കും. തദ്ദേശസ്ഥാപനങ്ങൾക്കാണ് പുതിയ ക്യാമ്പ് സജ്ജമാക്കേണ്ടതിന്റെ ചുമതല. ഓരോ പഞ്ചായത്തിലെയും ബിഎൽഒമാരുടെ യോഗം വിളിച്ചുചേർക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർക്ക് മന്ത്രി നിർദേശം നൽകി. അതിനുശേഷം വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കുന്നതുസംബന്ധിച്ച് തീരുമാനമെടുക്കാനും നിർദേശിച്ചു. മൂന്ന് വാർഡുകൾ അടങ്ങുന്ന ബൂത്തുതല വിവരം ശേഖരിക്കുന്നതിനുപകരം വാർഡ് അടിസ്ഥാനത്തിൽ വിവരം ശേഖരിക്കണമെന്ന് ജനപ്രതിനിധികൾ നിർദേശിച്ച സാഹചര്യത്തിലാണിത്.

പ്രളയബാധിതമേഖലകളിൽ കുടിവെള്ളം പരിശോധിക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കും. വാട്ടർഅതോറിറ്റിയുടെ ആലുവ പ്ലാന്റിൽ കൂടുതൽ ജീവനക്കാരെ നിയോഗിക്കാനും മന്ത്രി ഉത്തരവിട്ടു. പൊതു സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം കണക്കാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണം. റവന്യൂവകുപ്പ് അതു പരിശോധിക്കും. വിവിധവകുപ്പുകളെ പഞ്ചായത്ത് ക്രോഡീകരിക്കണം. ശുചീകരണത്തിന് ഉപകരണങ്ങൾ ആവശ്യമുണ്ടെങ്കിൽ മറ്റു ജില്ലകളിൽനിന്ന് കൊണ്ടുവരും. വിദ്യാർഥികളുടെ പാഠപുസ്തകഅച്ചടി പൂർത്തിയായി. നോട്ടുബുക്കുകളും പുസ്തകങ്ങളും ആവശ്യമായവരെ കണ്ടെത്തി വിതരണംചെയ്യും. വഴിയിൽ വെള്ളം കയറി സ്കൂളിലേക്ക് പോകാൻ കഴിയാത്ത സാഹചര്യമുള്ള സ്കൂളുകൾക്കുമാത്രം 31 വരെ അവധി നൽകാൻ കലക്ടറെ ചുമതലപ്പെടുത്തി. വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച പ്രധാന മാർക്കറ്റുകളുടെ കണക്കെടുപ്പ് ഉടൻ പൂർത്തിയാക്കും.

ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ നാലുലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് രണ്ടുലക്ഷം രൂപയുമാണ് ലഭിക്കുക. ക്യാമ്പിൽ മരിച്ചവരുടെ കാര്യത്തിലും ഇവിടേക്ക് എത്തുന്നതിനിടെ മരിച്ചവരുടെ കാര്യത്തിലും വസ്തുതകൾ മനസിലാക്കി നടപടിയെടുക്കും. രക്ഷാദൗത്യത്തിനിടെ മരിച്ചവരുടെ കാര്യം ഗൗരവമായി പരിഗണിക്കും.

ജില്ലയിലെ പ്രളയത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങളുടെ പൂർണതോതിലുള്ള കണക്ക് തയ്യാറാക്കുന്നതിന് രണ്ടാഴ്ചവരെ സമയമെടുക്കുമെന്ന് കലക്ടർ പറഞ്ഞു. അടിയന്തരധനസഹായം ഉടൻ ലഭ്യമാക്കും. ജില്ലയിൽ വീടുകളുടെ ശുചീകരണം 75 ശതമാനം പൂർത്തിയായി. പതിനായിരത്തിലധികം വളന്റിയർമാർ ശുചീകരണയജ്ഞത്തിൽ പങ്കെടുത്തു. മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ശേഖരണസംവിധാനം ആരംഭിച്ചു. 17,000 ചത്തമൃഗങ്ങളെ സംസ്കരിച്ചു. ഇതിൽ പശു, എരുമ, പോത്ത് എന്നിവ 930 എണ്ണമാണ്. 56 ഡോക്ടർമാരെ അധികമായി വിന്യസിച്ചു. സ്വകാര്യ മേഖലയിൽനിന്നുള്ള ഡോക്ടർമാരെ കൂടാതെയാണിത്. വൈദ്യുത ലൈനുകൾ പൂർണമായി ചാർജ്ചെയ്തു. വീടുകളിൽ വൈദ്യുതി പുനഃസ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധന 55 ശതമാനം പൂർത്തിയായി. ശുചീകരണത്തിനാവശ്യമായ 49 പമ്പ്സെറ്റുകൾ വിതരണംചെയ്തു. ഒരുലക്ഷത്തിലധികം ഗ്ലൗസുകളും ബ്ലീച്ചിങ് പൗഡറും പഞ്ചായത്തുകൾക്ക് നൽകി. റെഡ് സോണായി പ്രഖ്യാപിച്ച 22 പഞ്ചായത്തുകളിലാണ് ശുചീകരണം ഊർജിതമായി നടപ്പാക്കിയത്.

യോഗത്തിൽ കെ വി തോമസ് എംപി, എംഎൽഎമാരായ എൽദോ എബ്രഹാം, പി ടി തോമസ്, ജോൺ ഫെർണാണ്ടസ്, അൻവർ സാദത്ത്, വി ഡി സതീശൻ, ഹൈബി ഈഡൻ, അനൂപ് ജേക്കബ്, എസ് ശർമ, വി കെ ഇബ്രാഹിം കുഞ്ഞ്, വി പി സജീന്ദ്രൻ, റോജി എം ജോൺ, നേവി ഉദ്യോഗസ്ഥൻ കമാൻഡർ അരുൾ ബി സതീഷ്, തദ്ദേശ സ്ഥാപന ജനപ്രതിനിധികൾ, വിവിധ വകുപ്പ് ജീവനക്കാർ എന്നിവർ പങ്കെടുത്തു.

**Desabhimani**
**28 August 2018**
**Kochi; Flood Relief Fund, After Flood**